സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് ആനുകൂല്യങ്ങൾ

125 (2037) ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എം. ദാസൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളും ക്ഷേമപരിപാടികളുമാണ് സർക്കാരിന്റെ ഭാഗത്തുനിന്നും നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് കേരളാ ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ്. 1960 ; മിനിമം വേതന നിയമം 1948 എന്നിവ പ്രകാരമുള്ള ആനുകൂല്യങ്ങൾക്കർഹതയുണ്ട്. എന്നാൽ 7-8-1998 ലെ ജി.ഒ. (പി.) 48/98/എൽ.ബി.ആർ. ഉത്തരവ്പ്രകാരം സ്വകാര്യ ആശുപത്രികളെ കേരളാ ഷോപ്സ് ആക്റ്റിന്റെ പരിധിയിൽനിന്നും രണ്ടു വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് ഒരു പ്രത്യേക ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ കടകളിലും, വാണിജ്യ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത ക്ഷേമനിധി നടപ്പിൽ വരുമ്പോൾ, സ്വകാര്യ ആശുപത്രി ജീവനക്കാരും ഇതിലുൾപ്പെടുന്നതും താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അവർ അർഹരായിരിക്കുന്നതുമാണ്.

1. പെൻഷൻ
2. പ്രസവാനുകൂല്യം
3. വിവാഹ ധനസഹായം
4. മരണാനന്തര ചെലവുകൾക്കുള്ള ധനസഹായം.
5. ചികിത്സാ സഹായം.
6. കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം.
7. വീടുവയ്ക്കുന്നതിനുള്ള ധനസഹായം.

LIBRARY ARCHIVES Kerala Legislative Assembly